സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.69/2017/S. ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 20/06/2017.

## സർക്കുലർ

മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വത്തിലെ 2017-2018 കാലയളവിലെ മേൽശാന്തി നിയമനം (പുറപ്പെടാശാന്തി) നടത്തുന്നതിലേയ്ക്ക് ഡിപ്പാർട്ട്മെന്റിന്റെ വിവിധ ദേവസ്വങ്ങളിൽ ജോലി നോക്കുന്ന ശാന്തിക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

ചെട്ടികുളങ്ങര ദേവസ്വത്തിലെ നിലവിലുള്ള മേൽശാന്തിയുടെ സേവന കാലാവധി 31/08/2017-ൽ അവസാനിക്കുകയാണ്. ആകയാൽ അടുത്ത ഒരു വർഷത്തേയ്ക്ക് (01/09/2017 മുതൽ 31-8-2018 വരെ) ടി ദേവസ്വത്തിൽ മേൽശാന്തിയായി നിയമിക്കുന്നതിന് ബോർഡിന്റെ കീഴിലുള്ള വിവിധ ദേവസ്വങ്ങളിൽ ജോലി നോക്കിവരുന്ന ശാന്തിക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ലിസ്റ്റ് തയ്യാറാക്കി കൂടിക്കാഴ്ച നടത്തി യോഗ്യരായവരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

അപേക്ഷകർ 01/08/2017-ൽ 35 വസ്സ് പൂർത്തിയായവരും ഫുൾടൈം ശാന്തിയായി പത്ത് വർഷം പൂർത്തിയായിട്ടുള്ളവരും ഡിപ്പാർട്ട്മെന്റിൽ നിന്നും യാതൊരുവിധമായ ശിക്ഷണനടപടികൾക്കും വിധേയരാകാത്തവരും മേൽശാന്തിയാകുവാൻ താത്പര്യം ഉള്ളവരും ആയിരിക്കണം. അപേക്ഷകർ സ്വഭാവ സർട്ടിഫിക്കറ്റും, ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ വ്യക്തമായ അഭിപ്രായവും സഹിതം 10/07/2017-ന് മുൻപായി നിശ്ചിത ഫാറത്തിലുള്ള അപേക്ഷകൾ ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

അപൂർണ്ണമായതും ന്യൂനതകൾ ഉള്ളതുമായ അപേക്ഷകൾ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നിരസിക്കേണ്ടതും അപ്രകാരമുള്ള അപേക്ഷകൾ ഈ ഓഫീസിലേയ്ക്ക് ശുപാർശ ചെയ്ത് അയയ്ക്കുവാൻ പാടില്ലാത്തതുമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നുള്ള വിവരം എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. അപേക്ഷയുടെ മാതൃക ഇതോടൊപ്പം ചേർത്തിട്ടുള്ളതാണ്.

ദേവസ്വം കമ്മീഷണർ

ശ്രീ.

സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.

ആർ.ഒ.സി. 69/2017/ശാന്തി.

## മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി (പുറപ്പെടാശാന്തി) നിയമനത്തിനുള്ള അപേക്ഷാഫാറം

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേരും പൂർണ്ണമായ മേൽവിലാസവും, ഫോൺ നമ്പരും | : | |
| 2 | ജനന തീയതി, വയസ്സ് | : | |
| 3 | ഇപ്പോൾ ജോലി നോക്കിവരുന്ന ദേവസ്വവും ഗ്രൂപ്പും (ഏതു തീയതി മുതൽ എന്ന് വ്യക്തമാക്കുക) | : | |
| 4 | സർവ്വീസിൽ പ്രവേശിച്ച തീയതി | : | |
| 5 | ആകെ ഫുൾടൈം സർവ്വീസ് | : | |
| 6 | സേവനകാലത്ത് എപ്പോഴെങ്കിലും ശിക്ഷണ നടപടിക്ക് വിധേയനായിട്ടുണ്ടോ? (ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ പ്രത്യേക ഷീറ്റിൽ) | : | |

## അപേക്ഷകന്റെ പ്രതിജ്ഞ

ഞാൻ ............................................................................ മാവേലിക്കര ഗ്രൂപ്പിൽപ്പെട്ട ചെട്ടികുളങ്ങര ദേവസ്വം മേൽശാന്തി നിയമനത്തിനായി മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സത്യമാണ് എന്നും, തെരഞ്ഞെടുക്കുകയാണെങ്കിൽ പുറപ്പെടാ ശാന്തിയായും ക്ഷേത്ര മര്യാദകളും, ആചാരങ്ങളും പൂർണ്ണമായും പാലിക്കുന്നതാണ് എന്നും, ബഹുമാനപ്പെട്ട ക്ഷേത്രം തന്ത്രി നൽകുന്ന ഉപദേശങ്ങൾ വീഴ്ച കൂടാതെ പ്രസ്തുത ക്ഷേത്രത്തിലെ സേവനകാലം മുഴുവൻ പാലിച്ചുകൊള്ളാമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

തീയതി : ഒപ്പ് :

പേര് :

മേൽ സംഗതികൾ ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ അഭിപ്രായവും, തീയതി സഹിതമുള്ള ഒപ്പും സീലും.

സ്ഥലം :

തീയതി :